**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1784** **29-09-2025 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ വിവിധ കോഴ്സുകൾ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ, കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാലകളിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | ദേശീയ-രാജ്യാന്തര റാങ്കിംഗുകളിൽ കേരളത്തിലെ സർവകലാശാലകൾ മികവ് തുടരുന്നതും അന്താരാഷ്ട്ര നിലവാരത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതും വിദേശത്ത് നിന്നുള്ള അപേക്ഷകർ വർദ്ധിക്കുവാൻ സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ദേശീയ-രാജ്യാന്തര റാങ്കിംഗുകളിൽ കേരളത്തിലെ സർവ്വകലാശാലകൾ മികവ് തുടരുന്നതും അന്താരാഷ്ട്ര നിലവാരത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതും വിദേശത്ത് നിന്നുള്ള അപേക്ഷകർ വർദ്ധിക്കുവാൻ സഹായകമായിട്ടുണ്ട്. 2025 വർഷം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) അനുസരിച്ച് സംസ്ഥാനത്തെ 4 സർവകലാശാലകൾ State Public Universities Categoryയിൽ ആദ്യ അൻപത് റാങ്കിനകത്തും 18 കോളേജുകൾ Colleges Categoryയിൽ ആദ്യ നൂറ് റാങ്കിനകത്തും ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല മികച്ച മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുന്നു. നാലുവർഷ ബിരുദ ക്രെഡിറ്റുകൾക്ക് |

| | | | |
|---|---|---|---|
| | | | ലോകത്തിലെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാകുന്നതാണ്. |
| (സി) | സംസ്ഥാനത്തെ സർവകലാശാലകളിലെ ഗവേഷണ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയത് വിദേശ വിദ്യാർഥികളെ ആകർഷിക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുരോഗമനപരമായ പരിഷ്കരണത്തിനും ഗവേഷണ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും സഹായകരമാകുന്നതിന് കേരള, കൊച്ചി ശാസ്ത്ര-സാങ്കേതിക, മഹാത്മാഗാന്ധി സർവകലാശാലകളിൽ താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട് :<br><br>1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics (in the campus of University of Kerala)<br><br>2. Centre of Excellence in Neurodegeneration and Brain Health (in the campus of Cochin University of Science and Technology)<br><br>3. Centre of Excellence in Nanoscience and Nanotechnology (in the campus of Mahatma Gandhi University)<br><br>കൂടാതെ, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന സെന്റർ ഓഫ് എക്സലൻസ് ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് :<br><br>1.Centre of excellence for Teaching, Learning and Training<br><br>2. Kerala Institute for Science, Technology and Innovation (KISTI)<br><br>3. Kerala Institute of Advanced Studies (KIAS)<br><br>4. Kerala Network for Research-support in Higher Education (KNRSHE)<br><br>5. Centre for Indigenous Peoples Education (CIPE)<br><br>6. The Kerala Institute for Gender Equality (KIGE) |

| | | | |
|---|---|---|---|
| | | | 7. Kerala Language Network (KLN)<br><br>ഇതിന്റെയെല്ലാം ഫലമായി ഉയർന്ന ദൃശ്യത നമ്മുടെ സർവകലാശാലകൾക്ക് ഉണ്ടായിട്ടുണ്ട്. ഇത് കൂടുതൽ വിദേശ വിദ്യാർത്ഥികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നുണ്ട്. |
| (ഡി) | കൂടുതൽ വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാനുതകുന്ന പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു :<br><br>**ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്: ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ : ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ:**<br><br>ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി 2025 ജനുവരി 14,15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചു.<br><br>**സ്റ്റഡി ഇൻ കേരള:**<br><br>കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് 2025 ജനുവരി 13 ന് സ്റ്റഡി ഇൻ കേരള കേന്ദ്ര വിഷയമാക്കിക്കൊണ്ട് എഡിസിൽ ഇന്ത്യ ലിമിറ്റഡിന്റെ പങ്കാളിത്തത്തോടെ ഒരു പ്രത്യേക പ്രീ കോൺക്ലേവ് സെഷനും, ജനുവരി 14,15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വച്ച് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവും സംഘടിപ്പിക്കുകയുണ്ടായി.<br><br>**വിദേശ സർവ്വകലാശാലകളുമായി ഒപ്പുവയ്ക്കുന്ന ധാരണാപത്രങ്ങൾ**<br><br>വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 2025 ഫെബ്രുവരി 4-ാം തീയതിയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | കൗൺസിൽ അമേരിക്കയിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ ഫ്ളിന്റുമായി അക്കാദമിക സഹകരണത്തിനായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇത്തരം നടപടികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ദേശീയ-അന്തർദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായകരമാകുന്നു.<br><br>**സ്കോളർ കണക്ട്**<br><br>പ്രവാസി അക്കാദമിക സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ശാക്തീകരിക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സ്കോളർ കണക്ട്. ലോകമെമ്പാടുമുള്ള സർവ്വകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കേരളീയ വംശജരായ അക്കാഡമിക് വിദഗ്ധരെയും പ്രൊഫഷണലുകളെയും കേരളത്തിലെ സർവ്വകലാശാലകളുമായും കോളേജുകളുമായും ബന്ധിപ്പിക്കുകയെന്നതാണ് സ്കോളർ കണക്ട് വിഭാവനം ചെയ്യുന്നത്. പ്രവാസികളായ പണ്ഡിതരെയും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഒരുമിച്ച് പ്രവർത്തിക്കാൻ സഹായിക്കുന്ന മൊബൈൽ, വെബ്പ്ലാറ്റ്ഫോം വഴി സ്കോളർ കണക്ട് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ